മലപ്പുറത്തെ ഒരു സ്കൂളിൽ നിന്നും കുട്ടികളുമായി അദ്ധ്യാപകർ എത്തിയത് ജംബോ സർക്കസ് കാണാൻ ആയിരുന്നു. അക്കാലത്ത് കുട്ടികൾ സിനിമയും സർക്കസും ഒക്കെ കണ്ടിരുന്നത് അങ്ങനെയാണ്. കുട്ടികളെല്ലാം സർക്കസിലെ അഭ്യാസപ്രകടനങ്ങളും കോമാളികളുടെ തമാശകളും ആസ്വദിക്കുമ്പോൾ ഒരു കുട്ടിയുടെ ശ്രദ്ധ മുഴുവൻ ഉയർത്തിക്കെട്ടിയ ഭാഗത്തിരിക്കുന്ന സംഗീതവിഭാഗത്തിലായിരുന്നു. അവനെ ഏറ്റവും ആകർഷിച്ചത് തിളങ്ങുന്ന, അവന് പേരറിയാത്ത ഉപകരണത്തിലായിരുന്നു. അതിന്റെ പ്രത്യേക തരത്തിലുള്ള ശബ്ദം അവന്റെ മനസ്സിനെ കീഴടക്കി. അടുത്ത ദിവസം സ്കൂളിൽ കൂട്ടുകാർ സർക്കസ് കാഴ്ചകൾ വർണിക്കുമ്പോൾ അവന്റെ മനസ്സിൽ ആ ഉപകരണത്തിൽ തനിക്കിഷ്ടപ്പെട്ട പാട്ടുകൾ വായിക്കുന്ന അവൻ തന്നെയായിരുന്നു.

ടാലന്റഡ് ബാങ്കേഴ്സ് കോട്ടയം മീറ്റിൽ രണ്ടാം ദിവസം ഉച്ചയൂണിന് മുൻപ് സാക്സഫോണിൽ പാട്ടുകൾ വായിച്ച് ആസ്വാദകരുടെ ഹൃദയം കവരുമ്പോൾ അയാൾ ആ സ്കൂൾ കുട്ടിയാവുകയായിരുന്നു.
സംഗീതത്തെയും സാക്സഫോണിനെയും ഏറെ സ്നേഹിക്കുന്ന ആ കലാകാരൻ ആണ് ഈ ആഴ്ചത്തെ ദളം.

മനോജ് എൻ,
ബാങ്ക് ഓഫ് ഇന്ത്യ,
പുത്തൻപീടിക ശാഖ.

കൊല്ലം ശാസ്താംകോട്ട സ്വദേശികളായിരുന്ന അധ്യാപകദമ്പതികൾ നാരായണപിള്ളയുടെയും കമലമ്മയുടെയും മൂന്ന് ആൺമക്കളിൽ മൂത്തയാളായിരുന്നു മനോജ്. കൊല്ലത്ത് നിന്നും ജോലി തേടി മലപ്പുറത്തേക്ക് ചേക്കേറിയവരാണെങ്കിലും അച്ഛൻ പിന്നീട് കാസർഗോഡ് ഗവണ്മെന്റ് സ്കൂളിൽ അദ്ധ്യാപകനായി.

സംഗീതം കുട്ടിക്കാലത്ത് തന്നെ ഏറെ പ്രിയമായിരുന്നു മനോജിനെങ്കിലും വീട്ടിലെ അന്തരീക്ഷവും സാഹചര്യങ്ങളും ഒട്ടും അനുകൂലമായിരുന്നില്ല.

തിരുനാവായ നാവാമുകുന്ദ സ്കൂളിൽ ആയിരുന്നു എസ് എസ് എൽ സി വരെയുള്ള പഠനം. മനോജിന്റെ ആഭിമുഖ്യം മനസ്സിലാക്കിയ ശാന്ത ടീച്ചർ മനോജിനെ സബ്ജില്ല, ജില്ലാ യുവജനോത്സവങ്ങളിൽ പങ്കെടുക്കാൻ കൂട്ടിയിട്ടുള്ളത് നന്ദിയോടെ ഓർക്കുന്നു.

പൊന്നാനി എം ഇ എസ് കോളേജിൽ പ്രീഡിഗ്രിയും തിരൂർ ആർട്സ് കോളേജിൽ ഡിഗ്രിയും കഴിയുമ്പോൾ വളർച്ചക്കൊപ്പം സംഗീതത്തോടുള്ള ആഭിമുഖ്യവും മനോജിൽ ശക്തി പ്രാപിച്ചു.

വീട്ടിലെ ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു ജോലിയായിരുന്നു മനോജിനക്കാലത്ത് ആവശ്യം. അങ്ങനെയാണ് ഡിഗ്രി കാലത്ത് എയർഫോഴ്സിൽ ചേരുന്നത്. ചെന്നൈ ആവടിയിലെ ട്രെയിനിങ് പൂർത്തിയാക്കി ആദ്യ പോസ്റ്റിങ്ങ് ലഭിച്ചത് ഹരിയാനയിലെ സിർസയിൽ

ആണ്. അതിനിടെ ആന്ധ്ര യൂണിവേഴ്സിറ്റിയിൽ നിന്നും ബി എ പാസ്സായി.

സിർസയിൽ നിന്നും ഭുജ്, സെക്കന്ദരാബാദ്, തേജ്പൂർ (ആസ്സാം), ബാഗ്ഡോഗ്ര (പശ്ചിമബംഗാൾ), ഒടുവിൽ ഡൽഹിയിൽ എത്തി സൈനിക ജീവിതം അവസാനിപ്പിക്കുമ്പോൾ 20 വർഷങ്ങൾ കടന്നുപോയിരുന്നു.

സെക്കന്ദരാബാദ് ജീവിതത്തിനിടെയാണ് വീട്ടമ്മയായ ധന്യയെ ജീവിതത്തിലേക്ക് കൂട്ടുന്നത്. തന്റെ എല്ലാ കലാശ്രമങ്ങളുടെയും ആദ്യ ശ്രോതാവും ആസ്വാദകയും വിമർശകയും എല്ലാം ധന്യയാണെന്ന് പറയുമ്പോൾ മനോജിന് അഭിമാനം.

എയർ ഫോഴ്സ് ജീവിതത്തിലും സംഗീതവും സാക്സഫോണും മനസ്സിൽ നിന്നും മാഞ്ഞില്ല. ഡൽഹിയിൽ വച്ചാണ് ഒരു സുഹൃത്തിന്റെ സഹായത്തോടെ ഒരു സാക്സഫോൺ സ്വന്തമാക്കുന്നതും പഠനം ആരംഭിക്കുന്നതും.

2016ൽ സൈനിക സേവനം അവസാനിപ്പിച്ച ശേഷം കുറച്ച് കാലം ബ്രിട്ടീഷ് കൗൺസിലിലും പിന്നീട് ഖത്തറിലും ചെറിയ കാലയളവിൽ ജോലി ചെയ്ത് 2017ൽ നാട്ടിൽ മടങ്ങിയെത്തി. 2020ലാണ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിയമനം ലഭിക്കുന്നത്. കലൂർ ശാഖയിൽ ആയിരുന്നു ആദ്യ നിയമനം. അവിടെ നിന്നും കണ്ടശ്ശാങ്കടവ്, തൃശ്ശൂർ ശാഖകൾ വഴി പുത്തൻപീടികയിൽ എത്തി നിൽക്കുന്നു.

ബാങ്കിൽ ചേർന്ന ശേഷം ആണ് മനോജ് തന്റെ കലാപ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാകുന്നത്. കണ്ടശ്ശാങ്കടവ് ശാഖയിലെ സ്മിത വഴിയാണ് TB യിൽ അംഗമാകുന്നത്. സാക്സഫോൺ വാദനം പോലെ പ്രിയതരമാണ് മനോജിന് സംഗീതവും. സ്വന്തമായി വരികൾ എഴുതി സംഗീതം നൽകിയ ഒന്ന് രണ്ട് പാട്ടുകൾ റെക്കോർഡിങ്ങിന് തയാറാവുന്നു. ഡോക്ടർ സാംകുട്ടി പട്ടങ്കരി സംവിധാനം ചെയ്ത്, അന്താരാഷ്ട്ര തീയേറ്റർ ഫെസ്റ്റിവലിൽ സി എസ് ചന്ദ്രികയുടെ ഒരു കഥയെ ആസ്പദമാക്കി ചെയ്ത നാടകത്തിൽ സഹസംവിധായകൻ ആയി ജോലി ചെയ്യാൻ കഴിഞ്ഞു. ഡൽഹിയിലുള്ളപ്പോൾ ജനസംസ്കൃതി നാടൻ പാട്ട് സംഘത്തിൽ സജീവമായിരുന്നു.

കേന്ദ്രീയവിദ്യാലയത്തിൽ കോമേഴ്സ് വിദ്യാർത്ഥിയായ നയൻദേവിനും ധന്യക്കുമൊപ്പം തൃശ്ശൂർ കടവല്ലൂർ ആണ് മനോജ് താമസം.

സഹോദരന്മാരിൽ മൂത്തയാൾ നേവിയിൽ നിന്നും പിരിഞ്ഞ് മലേഷ്യയിൽ ജോലി നോക്കുന്നു. ഇളയ ആൾ മാക്സ് ലൈഫ് ഇൻഷുറൻസിൽ സ്റ്റേറ്റ് സെയിൽസ് ഹെഡ് ആണ്.

സംഗീതത്തെ ക്കുറിച്ച് മനോജിന്റെ തന്നെ വാക്കുകൾ...

"ആദ്യമായി കിട്ടിയ നല്ലൊരു സ്റ്റേജ് TB കോട്ടയം ആണ്. അതുപോലെയുള്ള ആസ്വാദകവൃന്ദം നിറഞ്ഞ ഏതൊരു വേദിയും പ്രിയപ്പെട്ടതാണ്. സംഗീതമേ

ജീവിതം. നമ്മുടെ കൊച്ചു സംഗീത ശകലങ്ങൾ ഏതെല്ലാം ഹൃദയങ്ങളിലുണ്ടോ അവിടെയെല്ലാം ഓരോ ധന്യമായ വേദിയുമുണ്ടെന്ന് വിശ്വസിക്കാനാണിഷ്ടം."

ധാരാളം പാട്ടുകൾ ചെയ്യാൻ കൊതിക്കുന്ന മനോജിന് ഹിന്ദുസ്ഥാനി സംഗീതം വല്ലാത്ത ഹരമാണ്. മനോജിന്റെ ആഗ്രഹങ്ങൾ പൂവണിയട്ടെ എന്ന് TB കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട ശാഖ

English version: Arya Gayathry, State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-------------------------------------------------------------------------------------------------

A group of students from a school of Malappuram district went to watch the Jumbo Circus with their teachers. That was how the kids saw movies and Circuses during those days. While all others were captivated by the acrobats soaring through the sky and jokers sending the audience into peals of laughter, one particular kid was fascinated by the musical instruments on the raised platform. There was one peculiar shining instrument that got his attention the most. Next day when all other boys were describing the events of the circus this excited little boy was day dreaming and he imagined himself playing his favourite songs on the shiny instrument.

As he played saxophone right before lunch break on the second day of our TB Kottayam meet, he was again that excited little schoolboy. Let's know more about this music and saxophone lover.

Manoj N
Bank of India
Puthenpeedika Branch

Manoj is the eldest of the three sons of the teacher-couple belonging to Kollam Sasthamkotta, Shri. Narayanapilla and Smt. Kamalamma.Though the parents moved from Kollam to Malappuram for teaching job, his father later joined the Kasaragod Government School as a teacher. Though he loved music from his early childhood, he didn't get the opportunity at home to pursue his passion. He did his schooling at the Thirunavaya Navamukunda School till the 10th grade. He gratefully remembers how recognizing his talent, Santha teacher took him to participate in competitions at the Sub-District and District level Youth Festivals. By then, he had his pre-degree from Ponnani M E S College and graduated from the Tirur Arts College, his love for music grew with him.

The priority then was to support his family by securing a job. While pursuing graduation, he joined the Indian Air Force, completed his training from Avadi, Chennai, and got his first posting at Sirsa, Haryana. By then, he had a BA from Andhra University as well. From Sirsa, he went to work at Bhuj, Secunderabad, Tezpur(Assam), Bagdogra(West Bengal), and Delhi for 20 long years.

While he was at Secunderabad, he married Dhanya, who is a homemaker. Manoj proudly says that

Dhanya is his best buddy, encourager, and critic who gets to be the first to hear his renditions. Air Force couldn't take his mind off his love for music and his craze for a saxophone. With the help of a friend, he buys a saxophone while working in Delhi, and starts learning to play the instrument. Once he left the defense service in 2016, he worked for a while with the British Council and then for a short period in Qatar, and returned in 2017. He joined the Bank of India in 2020, at its Kaloor branch. From there he was transferred to Kandassankadavu and Thrissur branches after which he joined the Puthenpeedika branch where he is presently posted.

He started focussing more on his passion after joining the banking service. He was introduced to Talented Bankers by Smitha who worked in Kandassankadavu branch. Manoj loves music just the same as playing saxophone. He has written and composed a few songs, which are about to be recorded. He is happy that he could co-direct a drama based on a story by C S Chandrika, and directed by Dr. Samkutty Pattomkary, at the International Theatre Festival. While at Delhi, he was a prominent member of the Janasamskriti naadan paatu sanghom.

Manoj resides at Kadavalloor, Thrissur with Dhanya and his son Nayandev who is presently pursuing Commerce at Kendriya Vidyalaya. One of his brothers is working in Malaysia after serving in the Indian Navy, and the other is the state sales head in Max Life Insurance.

Manoj reveals that our TB Kottayam was a wonderful stage experience for him. Any stage, where your passion is appreciated well, is heartwarming. Music is life... He feels that any heart that cradles at least bits of his music gives him an encouraging stage effect. Manoj holds Hindustani music close to his soul. As he wishes, may he be blessed to write and compose numerous beautiful songs... may all his dreams come true. We, the Talented Bankers family are with you Manoj, with full support in all your endeavours in the field of music.